VOL 1 ISSUE 9 | JULY 2018 apcconvoice@gmail.com | www.apccon.com Private Circulation Only

APCCON VOICE
THE OFFICIAL NEWSLETTER OF ABU DHABI PENTECOSTAL CHURCHES CONGREGATION
FREE Circulation strictly for Christian Churches only

# അനുഗ്രഹനിറവിൽ അപ്കോൺ സംയുക്ത ആരാധന






**അബുദാബി** • അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷന്റെ (APCCON) നേതൃത്വത്തിലുള്ള സംയുക്ത ആരാധന ജൂൺ 14 -ന് വൈകിട്ട് 7:15 മുതൽ 10 വരെ മുസ്സഫ ബ്രദറൺ ചർച്ച് സെന്റർ F1 ഹാളിൽ നടന്നു. അപ്കോൺ വൈസ് പ്രസിഡന്റ് പാസ്റ്റർ ജേക്കബ് സാമുവേൽ അധ്യക്ഷനായ മീറ്റിംഗ് പാസ്റ്റർ ഗിവിൻ തോമസ് പ്രാർത്ഥിച്ചാരംഭിച്ചു. അപ്കോൺ ജോയിന്റ് സെക്രട്ടറി ബ്രദ. ജോൺസി കടമ്മനിട്ട സ്വാഗതം ആശംസിച്ചു. പാസ്റ്റർ സാമുവേൽ എം. തോമസ് സങ്കീർത്തനത്തിൽ നിന്നും ശുശ്രൂഷിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോൺ നേതൃത്വം നൽകി. മുഖ്യാതിഥിയായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോൺ ദൈവവചനം പ്രസംഗിച്ചു. അപ്കോൺ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അപ്കോൺ സെക്രട്ടറി ബ്രദ. സാം സക്കറിയ ഈപ്പൻ പ്രസ്താവന നടത്തുകയും അപ്കോൺ ട്രഷറാർ ബ്രദ. റെനു അലക്സ് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. പാസ്റ്റർ തോമസ് വർഗീസിന്റെ (അപ്കോൺ മുൻ പ്രസിഡന്റ്) പ്രാർത്ഥനയോടെ മീറ്റിംഗ് അവസാനിച്ചു. മുസഫയിൽ നിന്നും അബുദാബിയുടെ മറ്റു പരിസരപ്രദേശങ്ങളിൽ നിന്നും നൂറുകണക്കിനാളുകൾ ഈ ആരാധനയിൽ പങ്കെടുത്തു. അപ്കോൺ വോയിസ് മീഡിയ തത്സമയ സംപ്രേഷണം നടത്തി.

## അപ്കോൺ വോയിസ് ബൈബിൾ ക്വിസിന് ഉജ്ജ്വല സ്വീകരണം

**അബുദാബി** • അപ്കോൺ വോയിസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ നടത്തുന്ന ബൈബിൾ ക്വിസിന് ഉജ്ജ്വല സ്വീകരണം. വളരെ ചുരുങ്ങിയ സമയത്തിനകം ജനഹൃദയങ്ങളെ കീഴടക്കി ബൈബിൾ ക്വിസ്സ് മുന്നേറുന്നു.



*ജയ്സിംഗ് പ്രകാശ്*

ജൂൺ മാസം നടന്ന ബൈബിൾ ക്വിസിൽ ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും നൂറുകണക്കിനാളുകൾ പങ്കെടുത്തു. അവരിൽ നിന്നും എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം അയച്ചവർ: **സിസ്റ്റ. ജെസ്സി അനീഷ് (സൗദി അറേബ്യ), സിസ്റ്റ. ജെസ്സി സാം(അബുദാബി), സിസ്റ്റ. ഡെയ്സി തോമസ് (ഹൈദരാബാദ്), സിസ്റ്റ. ആനി റോയി(അബുദാബി), ബ്രദ. ഷാജി വർഗീസ് (ഷാർജ), ബ്രദ. ജയ്സിംഗ് പ്രകാശ് (അബുദാബി), സിസ്റ്റ. സിബി ഷാജി (ഷാർജ).**

ഇവരിൽ ജൂൺ മാസത്തെ വിജയി ആയി **ജയ്സിംഗ് പ്രകാശ് (അബുദാബി)** തിരഞ്ഞെടുക്കപ്പെട്ടു.അപ്കോൺ ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും അപ്കോൺ വോയ്സിന്റെ അഭിനന്ദനങ്ങൾ. എല്ലാ മാസവും ആഴ്ചയിൽ രണ്ട് എന്ന ക്രമത്തിൽ അപ്കോൺ വോയ്സ് വാട്സ്ആപ്പ് ഗ്രൂപ്പിൽ ബൈബിൾ ക്വിസ് നടത്തുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ വാട്ട്സ്ആപ്പ് നമ്പറിൽ ബന്ധപ്പെടുക.

**058- 9239629**
**APCCON WHATSAPP NO.**

MAIL US:
apcconvoice@gmail.com

**• അപ്കോൺ വോയ്സ് Digital version (PDF) ആവശ്യമുള്ളവർ APCCON Whatsapp നമ്പറിൽ ബന്ധപ്പെടുക.**

**• നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങളും APCCON Whatsapp Number -ൽ അയക്കാവുന്നതാണ്.**

## GUEST COLUMN






**പാസ്റ്റർ സുനിൽ വേട്ടമല**

അനാരോഗ്യകരമായ അവസ്ഥയ്ക്കാണല്ലോ രോഗം എന്നു പറയുന്നത്. ആരോഗ്യമുള്ള ശരീരത്തിൽ നിന്നും രോഗം അകന്നു നിൽക്കുകയും ചെയ്യുന്നു. ചികിത്സയ്ക്കായി ആതുരാലയത്തിൽ എത്തുന്ന മിക്ക രോഗികൾക്കും ഉടനടി ഗ്ലൂക്കോസ് ഡ്രിപ്പ് നൽകുന്നതു കാണാം. ക്ഷീണം മാറുമ്പോൾ രോഗത്തിനു ഭേദം വരുമെന്ന് അർത്ഥം.

“നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ“ (എബ്രാ.12:3).

ക്ഷീണം ആരംഭിക്കുന്നത് മനസ്സിലാണ്. അതു ശരീരത്തിലേക്കു പടർന്ന് മടുപ്പായി, തളർച്ചയായി മാറുന്നു. ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിക്കുവാൻ എന്നാണല്ലോ വചനം പറയുന്നത്. ഒരു ദൈവപൈതൽ ക്ഷീണിച്ചു മടുത്തേക്കാവുന്ന സാഹചര്യങ്ങളൊക്കെ കർത്താവും അനുഭവിച്ചിട്ടുണ്ട്.

ശേഷം പേജ് 6–ൽ



For Private Circulation only - Not for sale

EDITORIAL

# ഇങ്ങനെയോ ദൈവത്തെ പ്രസാദിപ്പിക്കുന്നത്?



ജോൺസി കടമ്മനിട്ട
ചീഫ് എഡിറ്റർ

അപ്കോൺ വോയിസിന്റെ എല്ലാ മാന്യ വായനക്കാർക്കും സ്നേഹവന്ദനം. ദൈവം നമ്മെ ഓരോ ദിവസവും ജയോത്സവമായി വഴിനടത്തുന്നതോർത്ത് ദൈവത്തിനു സകലപുകഴ്ചയും അർപ്പിക്കുന്നു.

ആധുനിക സമൂഹത്തിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ജനങ്ങൾ കാണിച്ചുകൂട്ടുന്നത്. ക്രിസ്തീയസമൂഹത്തിലും ഇതര മതവിഭാഗങ്ങളിലും ദൈവത്തെ പ്രീതിപ്പെടുത്തുന്നു എന്ന പേരിൽ നടത്തുന്ന പ്രഹസനങ്ങൾ യഥാർത്ഥത്തിൽ ദൈവത്തിനു പ്രസാദകരമാണോ? സ്വയം നേട്ടത്തിനും സ്ഥാനമാനങ്ങൾക്കുമായി ദൈവത്തെ കൂട്ടുപിടിക്കുന്ന ദയനീയമായ കാഴ്ചകൾ. ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു പകരം മനുഷ്യരെ പ്രസാദിപ്പിക്കുകയും പ്രീണിപ്പിക്കുകയും ചെയ്യുന്നു. ആരാധന എന്ന പേരിൽ ഏതുവിധ കോമാളിത്തരവും കാണിക്കാൻ ആളുകളും അവരെ പിന്തുണയ്ക്കാൻ കുറെ അനുയായികളും സർവ്വഥാ തയ്യാറാണ്. ശരിയോ തെറ്റോ എന്നു ചിന്തിക്കാതെ താൻ പിടിച്ച മുയലിന് രണ്ടു കൊമ്പ് എന്ന പിടിവാശി വച്ചുപുലർത്തുന്ന അനാത്മികർ.

തിരുവചനത്തിൽ പരാമർശിക്കുന്ന കയീന്റെയും ഹാബെലിന്റെയും യാഗത്തിൽ ഇരുവരും ദൈവത്തെ പ്രസാദിപ്പിക്കുവാനാണ് ശ്രമിച്ചത്. എന്നാൽ കയീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല. ഹാബേലിന്റെ യാഗം ദൈവം കൈക്കൊണ്ടു അവനിൽ പ്രസാദിച്ചു. പ്രിയരെ, വ്യവസ്ഥ പ്രകാരം ദൈവത്തെ പ്രസാദിപ്പിക്കുമെങ്കിൽ ദൈവം നിങ്ങളിൽ പ്രസാദിക്കും. അവൻ അനുഗ്രഹിക്കും. വ്യവസ്ഥാപിതമല്ലാത്ത മാർഗ്ഗങ്ങളാൽ, നിങ്ങളുടെ സ്വയേച്ഛ പ്രകാരം പ്രസാദിപ്പിക്കാൻ നോക്കിയാൽ ദൈവപ്രസാദത്തിനു പകരം ദൈവകോപത്തിനു പാത്രീഭൂതരാകേണ്ടി വരും. ഹാബേൽ ദൈവത്തെ പ്രസാദിപ്പിച്ചതിനാൽ ഭൂമിയിലെ അവന്റെ ആയുസ്സ് പെട്ടെന്ന് തീർന്നുപോയി. നമ്മൾ ദൈവത്തെ പ്രസാദിപ്പിക്കാൻ നോക്കിയാൽ ചിലപ്പോൾ ഈ അനുഭവം നമുക്കും ഉണ്ടായേക്കാം. എന്നിരുന്നാലും ദൈവീക വ്യവസ്ഥകൾ പ്രകാരം ആര് ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നുവോ അവരെ ദൈവം മാനിക്കും. ഈ ലോകത്തിലെ വലിയ ഉയർച്ച ലഭിച്ചില്ലെങ്കിലും വരുവാനുള്ള ലോകത്തിൽ ദൈവം നിങ്ങൾക്ക് തക്കതായ ഓഹരി നൽകി മാനിക്കും. പ്രിയരെ, ലോകത്തെയും ലോകത്തിലുള്ളതിനെയും പ്രസാദിപ്പിക്കാതെ സത്യദൈവത്തെ മാത്രം പ്രസാദിപ്പിക്കുക. അതിനായി ദൈവം നിങ്ങളെ സഹായിക്കട്ടെ.


## APCCON VOICE EDITORIAL BOARD

**Advisory Board:**
Pr. Benny P. John
Pr. Jacob Samuel
Br. Sam Zachariah Eapen

**Cheif Editor:**
Br. Johncy Kadammanitta

**Editors:**
Pr. M.J. Dominic
Br. Renu Alex

**Circulation Manager:**
Br. Sabu

**Area Coordinators:**
Br. Lenin
Br. M.J. Baiju
Br. Renju Moses
Br. Joyal
Br. Blesson G. Sam
Br. Vinod
Br. Samkutty Yohannan
Br. Antony
Br. Shinu John
Br. Justin

Design & Layout
vbabykylm@gmail.com


## എഴുത്തുകാരുടെ ശ്രദ്ധയ്ക്ക്

അപ്കോൺ വോയ്സിൽ ലേഖനങ്ങളും മറ്റിതര പംക്തികളും എഴുതുന്നവർ A4 പേപ്പറിൽ ഒന്നരപ്പേജിൽ കവിയാതെ എഴുതി അയച്ചുതരിക. ലേഖനങ്ങളിലെ ആശയങ്ങളുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കു മാത്രമായിരിക്കും. നിങ്ങളുടെ ലേഖനങ്ങൾ എല്ലാ മാസവും 30-നു മുമ്പായി അയച്ചുതരേണ്ടതാണ്. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും പ്രാർത്ഥനാവിഷയങ്ങളും APCCON Whatsapp 058- 9239629- ലോ apcconvoice@gmail.com എന്ന mail Id യിലോ അയച്ചുതരാവുന്നതാണ്.

**എഡിറ്റോറിയൽ ബോർഡ്**
അപ്കോൺ വോയ്സ്

## അപ്കോൺ വോയിസ് മാനേജ്മെന്റ് മീറ്റിംഗ് നടന്നു

**അബുദാബി** •അപ്കോൺ വോയ്സിന്റെ പ്രഥമ മാനേജ്മെന്റ് മീറ്റിംഗ് മെയ് 23 ശനിയാഴ്ച വൈകിട്ട് 7:30 മുതൽ 8:30 വരെ അപ്കോൺ വോയിസ് സർക്കുലേഷൻ മാനേജർ ബ്രദർ സാബു മാത്യൂവിന്റെ ഭവനത്തിൽ നടന്നു. പ്രസ്തുത മീറ്റിംഗിൽ അപ്കോൺ വോയിസ് എഡിറ്റർ പാസ്റ്റർ എം.ജെ. ഡൊമിനിക് അധ്യക്ഷത വഹിച്ചു. ചീഫ് എഡിറ്റർ ബ്രദർ ജോൺസി കടമ്മനിട്ട ഇതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു. എഡിറ്റർ ബ്രദർ റെനു അലക്സ് സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും സർക്കുലേഷൻ മാനേജർ ബ്രദർ സാബു മാത്യു വിതരണത്തെക്കുറിച്ചും സംസാരിച്ചു. അപ്കോൺ വോയിസിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി ഈ മീറ്റിംഗിൽ കൂട്ടായ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. അപ്കോൺ അംഗത്വ സഭകളിലെ പ്രതിനിധികൾ ഈ മീറ്റിംഗിൽ സംബന്ധിച്ചു. ബ്രദർ എം.ജെ. ബൈജു കൃതജ്ഞത രേഖപ്പെടുത്തി.

## ഓർഡിനേഷൻ നൽകി



**മുസ്സഫ** • ഐ.പി.സി. എബനേസർ മുസ്സഫ,അബുദാബി വിശ്വാസികളായ ബ്രദ.ഫിലിപ്പ് ജോർജ്, ബ്രദ. സാജൻ മാത്യു, ബ്രദ. ജിബി ജോർജ്ജ് എന്നിവരെ ഇവാഞ്ചലിസ്റ്റുകളായി പ്രാർത്ഥിച്ച് അനുഗ്രഹിച്ചു വേർതിരിച്ചു. ഓർഡിനേഷൻ ലഭിച്ച പ്രിയപ്പെട്ടവർക്ക് അപ്കോൺ വോയ്സിന്റെ ആശംസകൾ.

## അപ്കോൺ അപേക്ഷ ക്ഷണിക്കുന്നു

**അബുദാബി** • അപ്കോണിന്റെ നേതൃത്വത്തിൽ അംഗത്വ സഭകളിലെ പ്രിയപ്പെട്ടവർക്ക് നേരിട്ട് അറിയാവുന്നവരായ കർത്തൃശുശ്രൂഷകരുടെ നിർധനരായ വിധവമാർക്ക് ഭവനം നിർമ്മിച്ചു കൊടുക്കാൻ ആഗ്രഹിക്കുന്നു. സ്വന്തമായി മൂന്നു സെന്റു സ്ഥലമെങ്കിലും ഉള്ള നിർധനരായവർക്ക് 3 ലക്ഷം രൂപവരെ ചെലവഴിച്ച് ഭവനം നിർമ്മിച്ചു നൽകും. അപേക്ഷകൾ സെപ്റ്റംബർ 15-ന് മുൻപായി സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അപ്കോൺ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: 971 50 5211628.




# ക്രിസ്തുവിൽ സമ്മതനായ അപ്പെലേസ്



പാസ്റ്റർ ഷിനോജ് നൈനാൻ
ഷാർജ

**കർത്താവ് തന്നെ പരിശോധിച്ചപ്പോൾ ഒരു വിധത്തിലും കാപട്യത്തിന്റെയോ വ്യാജത്തിന്റെയോ ഒരു കണികപോലും കാണാത്ത വിധത്തിൽ കർത്താവിനും അപ്പൊസ്തലനായ പൗലൊസിനു പോലും യാതൊരു സങ്കോചവും കൂടാതെ ധൈര്യമായി പുകഴ്ത്തുവാൻ സാധിക്കുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു ക്രിസ്തുവിൽ സമ്മതനായ അപ്പെലേസ്.**

റോമാ ലേഖനം അവസാന അദ്ധ്യായത്തിൽ അപ്പൊസ്തലനായ പൗലൊസ് കർത്താവിനു വേണ്ടി പ്രയോജനപ്പെടുന്നവരെ വന്ദനം ചെയ്യുന്ന കൂട്ടത്തിൽ സർവ്വസാധാരണമല്ലാത്ത ഒരു വന്ദന സ്വരം ശ്രദ്ധിക്കുവാൻ കഴിയും. ''ക്രിസ്തുവിൽ സമ്മതനായ അപ്പെലേസിനു വന്ദനം ചെയ്യുവിൻ'' (റോമ.16:10). പുതിയനിയമത്തിലൊ, പൗലൊസിന്റെ ജീവചരിത്രത്തിലൊ പ്രത്യേക വിശേഷണമോ പ്രാധാന്യതയോ കാണുവാൻ കഴിയാത്ത ഒരു ക്രിസ്തുശിഷ്യനെ ഇപ്രകാരം വന്ദനം ചെയ്യണമെങ്കിൽ ആ വ്യക്തിക്ക് മറ്റെല്ലാവരെക്കാളും വിശേഷത നിശ്ചയമായും കണ്ടിരിക്കണം. റോമ പട്ടണത്തിലെ ദൈവസഭ പൗലൊസ് ആരംഭിച്ചതല്ല. തന്റെ പ്രേക്ഷിതപ്രവർത്തന കാലത്ത് പലപ്രാവശ്യം റോമിലുള്ള ദൈവമക്കളെ സന്ദർശിക്കണമെന്നുള്ള ആഗ്രഹം പൗലൊസിന് ഉണ്ടായിട്ടും ജീവിതത്തിൽ സാധിക്കാതെ പോയി (റോമ.15:22-29). ഇവിടെ പൗലൊസ്, താൻ റോമയിലെ ദൈവമക്കളെ സന്ദർശിക്കുവാൻ വളരെ ആഗ്രഹിച്ചിട്ടും സാധിക്കാതെ വരികയും താമസിയാതെ സ്പെയിനിലേക്കു സുവിശേഷവുമായി പോകുന്ന യാത്രയിൽ നിങ്ങളെ സന്ദർശിക്കാം എന്നുള്ള വാഞ്ഛ അറിയിക്കുന്നതായി കാണാം. അതിനെ തുടർന്ന് താൻ യെരുശലേമിൽ എത്തുകയും അവിടെ വച്ച കുറ്റാരോപിതനായി പിടിക്കപ്പെടുകയും (അപ്പൊ.പ്രവൃ.21:17 മുതൽ), യെരുശലേമിൽ വച്ച് 'കൈസരെ അഭയം ചൊല്ലുന്നു' എന്നു പറഞ്ഞതിനാൽ കൈസരുടെ അടുത്തേക്ക് വിചാരണയ്ക്കായി കൊണ്ടുപോവുകയും ചെയ്യുന്നു. (അപ്പൊ.പ്രവൃ.22-28 വരെയുള്ള അദ്ധ്യായങ്ങൾ).

ഒരിക്കൽ പോലും സന്ദർശിക്കാൻ കഴിയാത്ത ഒരു സഭയിലെ ദൈവമക്കളെ (പെന്തെക്കോസ്തു നാളിൽ റോമയിൽ നിന്നും വന്നവർ ദൈവമക്കളായ യെഹൂദന്മാരാൽ ആരംഭം കുറിച്ച സഭയാണ് റോമിലെ സഭ) വിശ്വാസത്താലുള്ള നീതികരണവും രക്ഷാശാസ്ത്രവും വളരെ വ്യക്തമായി വരച്ചു നൽകിയതിനു ശേഷം ലേഖനത്തിന്റെ പരിസമാപ്തിയിൽ പലർക്കും വന്ദനം ചെയ്യുന്ന കൂട്ടത്തിൽ എടുത്തുപറയത്തക്ക ഒരു വന്ദനസ്വരമാണ് 'ക്രിസ്തുവിൽ സമ്മതനായ അപ്പെലേസ്' എന്നുള്ളത്. ഇംഗ്ലീഷിൽ 'tried and tested Christian' എന്നാണ് അഥവാ ഉൽകൃഷ്ടനും മാറ്റുരച്ചവനും. അതെ, അപ്പെലേസ് ക്രിസ്തീയ വിശ്വാസത്തിനു വേണ്ടി ഉത്കൃഷ്ടനും മാറ്റുരയ്ക്കപ്പെട്ടവനുമായി കാണാം.

### ആരാണ് അപ്പെലേസ്?

അപ്പെലേസ് എന്ന പേരിന്റെ അർത്ഥം, പ്രത്യേകമായത്, വേർപെട്ടവൻ (Exclusion or seperated) എന്നൊക്കെയാണ്. ക്രിസ്തുശിഷ്യൻ എന്ന നിലയിൽ നിശ്ചയമായും അപ്പെലേസ് തന്റെ പേരിന്റെ അർത്ഥം പോലെ ജീവിതം കാത്തുസൂക്ഷിച്ചവനായി കാണാം. അല്ലാത്തപക്ഷം പൗലൊസ് ഒരിക്കലും അപ്രകാരം സംബോധന ചെയ്യുകയില്ല. തിരുവചനത്തിലെങ്ങും ഒരു പരാമർശം അപ്പെലേസിനെക്കുറിച്ചു കാണുവാൻ കഴിയുന്നില്ലെങ്കിലും ഒന്നാം നൂറ്റാണ്ടിലെ സഭകൾക്കും വിശേഷാൽ പൗലൊസിനും വളരെ സുപരിചിതനായ വ്യക്തിയാണ് അപ്പെലേസ്. അതിനാലാകാം പൗലൊസിന്റെ വന്ദനത്തിൽ 'സമ്മതൻ' എന്ന പദം ഉപയോഗിക്കുന്നത്. 'സമ്മതൻ' (Approved) എന്ന പദത്തിന് മൂലഭാഷയിൽ 'ടോൺ ഡോക്കിമോസ്' (TON DOKIMOS) എന്നാണ്. അതിനർത്ഥം, കലർപ്പില്ലാത്തത്, ശുദ്ധമായ, അവ്യാജമായ, നിഷ്കളങ്കൻ എന്നൊക്കെയാണ്. ഇതേ അർത്ഥത്തിൽ ഉപയോഗിച്ചിട്ടുള്ള ചില വേദഭാഗങ്ങൾ ഇവയൊക്കെയാണ്: 1 കൊരി.11:19; 2 കൊരി.10:17; 13:7 മുതലായവ. അതുപോലെ നാണയങ്ങൾ യഥാർത്ഥമാണോ വ്യാജമാണോ എന്നറിയാൻ വേണ്ടി നടത്തുന്ന പരിശോധനകൾക്കും ഈ പദം തന്നെയാണ് ഉപയോഗിക്കുന്നത്.

അങ്ങനെയെങ്കിൽ ക്രിസ്തുവിൽ 'സമ്മതനാകാൻ' വേണ്ടി നിരവധി പരിശോധനകൾക്ക് ഒരുപക്ഷേ അപ്പെലേസ് വിധേയനായി കാണാം. ഏതെല്ലാം പരിശോധനകൾ ഈ ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ നേരിട്ടു എന്ന് തിരുവചനത്തിൽ എങ്ങും കാണുന്നില്ല. എങ്കിലും ഒന്നാം നൂറ്റാണ്ടിൽ ദൈവജനത്തിനു നേരെ ഉണ്ടായിട്ടുള്ള രാഷ്ട്രീയവും സാംസ്കാരികവും മതപരവുമായ എല്ലാത്തരം പ്രതികൂലങ്ങളും ഈ മാന്യസഹോദരനു നേരിട്ടിരിക്കാം. എന്നാൽ അവയിൽ ഒന്നിൽപോലും പതറാതെ കർത്താവിനു വേണ്ടി സമ്മതനായി മാറി. കർത്താവ് തന്നെ പരിശോധിച്ചപ്പോൾ ഒരു വിധത്തിലും കാപട്യത്തിന്റെയോ വ്യാജത്തിന്റെയോ ഒരു കണികപോലും കാണാത്ത വിധത്തിൽ കർത്താവിനും അപ്പൊസ്തലനായ പൗലൊസിനു പോലും യാതൊരു സങ്കോചവും കൂടാതെ ധൈര്യമായി പുകഴ്ത്തുവാൻ സാധിക്കുന്നു. ക്രിസ്തുവിൽ സമ്മതനായ അപ്പെലേസ്.

പ്രിയരെ, നമ്മുടെ സഭയിൽ ഇങ്ങനെ ഒരു വന്ദനസ്വരം കേൾക്കുവാൻ സാധിക്കുമോ? മനുഷ്യരെ സമ്മതിപ്പിക്കുവാൻ വലിയ പ്രയാസമില്ല. എന്നാൽ അഗ്നിജ്വാലയ്ക്കൊത്ത കണ്ണുള്ളവനെ സമ്മതിപ്പിക്കാൻ അത്ര എളുപ്പമല്ല എന്നു നമുക്കെല്ലാവർക്കും അറിയാം. എവിടെയും അനാത്മികതയും കാപട്യവും വ്യാജാത്മാക്കളും മാത്രം നിറഞ്ഞുനിൽക്കുമ്പോൾ അപ്പെലേസിനെപ്പോലെ വ്യത്യസ്തനായി, ദൈവത്തിനു വേണ്ടിയുള്ളവൻ എന്നു മനസ്സിലാക്കി കർത്താവിനെ സേവിക്കാൻ നമുക്കു കഴിയുമോ?

''നാടോടുമ്പോൾ നടുവെ'' എന്ന ചൊല്ലുപോലെ എല്ലാടത്തെയും പോലെ നമുക്കു പോകാം എന്ന ശൈലിക്കു മാറ്റംവരുത്തി കർത്താവിൽ സമ്മതന്മാരായി നമുക്ക് ഓടാൻ കഴിയുമോ. നമ്മുടെ എല്ലാ മേഖലകളിലും ക്രിസ്തു നിമിത്തം എന്നു പൗലൊസ് ഓർമ്മിപ്പിക്കുന്നതു പോലെ ഒരു വ്യത്യസ്തത പുലർത്തുവാൻ നമുക്കു തീരുമാനിക്കാം. പരിശോധനകളുടെയും പ്രലോഭനങ്ങളുടെയും മുമ്പിൽ പതറാതെ കർത്താവിനും ദൈവസഭകൾക്കും സമ്മതന്മാരായി നമുക്കു നീങ്ങാം. ഒരു ദിവസം നമ്മുടെ കാതുകളിൽ ഇതുപോലെ ഒരു വന്ദനസ്വരം കേൾക്കുവാൻ സാധിക്കട്ടെ. കർത്താവ് വിളിക്കാൻ ആഗ്രഹിക്കുന്നു. അതിനു വേണ്ടി വിലകൊടുക്കാൻ നമുക്കു കഴിയുമോ?




CARMEL IPC
MUSSAFAH, ABU DHABI

അബുദാബിയിൽ ജോലിക്കും സന്ദർശനത്തിനും വരുന്നവർക്കായി അനുഗ്രഹീതമായ ആരാധനാ സൗകര്യം

ആരാധന
എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 7:45 PM - 10:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G2 ഹാളിൽ

ഉപവാസ പ്രാർത്ഥനയും ആരാധനയും
എല്ലാ വെള്ളിയാഴ്ചയും രാവിലെ 9:45 AM - 12:15 PM വരെ
മുസഫ ബ്രദറൺ ചർച്ച് സെന്റർ G4 ഹാളിൽ



പാ.ജോജി ജോൺസൺ നേതൃത്വം നൽകുന്നു.

Every 4th Friday 9:45 am to 12:00 pm ENGLISH WORSHIP & PYPA
ഈ അനുഗ്രഹീത മീറ്റിംഗുകളിലേക്ക് നിങ്ങളെ ഏവരേയും സ്വാഗതം ചെയ്യുന്നു

For more details please contact: Senior Pastor M.M. Thomas (Joy) +971 543032343
Pr. Joji Johnson +971 503107651/ Eva. Jeswin M. Thomas +971 556995909

www.carmelipc.com | carmelipcabudhabi | carmelipcmussafah@gmail.com

യാത്രാ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

# A Needle That Saved Many...





**Soly John**

> Our good works are our response to God's love and mercy towards us. They are not to earn God's approval. We are all different, but there is work for each one of us to do for the Lord.

The Word of God records of Tabitha or Dorcas as "full of good works and charitable deeds". She lived in Joppa - a city by the sea. She must have been an exceptional woman for Luke, the author of Acts - recalls this woman's life, death and resurrection in seven verses of Chapter 9.

The name Dorcas in Greek or Tabitha in Hebrew means gazelle (an animal like deer). The animal is known for its eyes – clear sighted. Tabitha is being titled as a "disciple" of the Lord. Dorcas used her God given gift to fulfill a need in her congregation - to clothe widows and that in need. Her impact on others lives were by serving others. She demonstrated Jesus commandment – "You shall love your neighbor as yourself'.

Matthew 5: 16 says - "Let your light so shine before men, that they may see your good works and glorify your Father in heaven". Our good deeds should draw people to God. A cup of cold water to be welcoming must be given in His name. Our good works are our response to God's love and mercy towards us. They are not to earn God's approval. We are all different, but there is work for each one of us to do for the Lord. Dorcas' 'Christ - like' character is just like Jesus our Saviour who came 'not to be served but to serve'. She served others by her natural talent - a needle that sews was her mission field.

Her friends circle was saddened by her death that they had to desperately call for Peter who happened to be visiting a town nearby, Lydda, to come quickly. As Peter arrived in the house where Dorcas lay after her death, people gave testimony to her life. Her works were exhibited. What a legacy she left! The picture of the people gathered in her room weeping describes the significance of the friend whom they lost. After Peter raised Dorcas from the dead many people came to believe in the Lord. As a result of her death and miraculous resurrection – she was a living example of the truth and power of God in Joppa. The things which happened to Dorcas life actually turned out for the furtherance of the gospel.

Proverbs 31:20 says that the virtuous woman "extends her hand to the poor, Yes, she reaches out her hands to the needy". If God could use Tabitha with something as basic as needle to save many; let us also serve for God's glory. We only have a short time here on earth and we need to make the most of it by bringing glory to God. Let's ponder on this - Once we are gone... what will you and I be remembered for?

## അപ്കോൺ സഹോദരി സമ്മേളനം നടന്നു





**അബുദാബി** • അബുദാബിയിലെ പെന്തെക്കോസ്തു സഭകളുടെ ഐക്യ വേദിയായ അബുദാബി പെന്തെക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ സിസ്റ്റേഴ്സ് ഫെലോഷിപ്പിന്റെ നേതൃത്വത്തിലുള്ള സോദരി സമ്മേളനം ജൂലൈ 2-ന് അബുദാബി ഇവാഞ്ചലിക്കൽ ചർച്ചിൽ നടന്നു. ബിനോയ് അജുവിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ സിസ്റ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് ആനി സാമുവേൽ അദ്ധ്യക്ഷത വഹിച്ചു. പ്രീണ ഷാജി മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. സുവിശേഷ പ്രഭാഷക ഷൈനി തോമസ് (തിരുവല്ല) മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി സോളി ജോൺ നേതൃത്വം നൽകി. അപ്കോൺ അംഗത്വസഭകളിൽ നിന്നുള്ള സഹോദരിമാർ ഈ മീറ്റിംഗിൽ സന്നിഹിതരായിരുന്നു.

ഐ.പി.സി. സീയോൻ സഭ
അബുദാബി, മുസഫ

അബുദബിയിലോ മുസഫയിലോ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വരുന്നവർക്ക്, ആത്മീയ ആരാധനയിലേക്ക് സ്വാഗതം. വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

OUR REGULAR SERVICE
Sunday WORSHIP
8 pm to 10 pm BCC G-3
Thursday Meeting
8 pm to 10 pm,
Friday FASTING PRAYER
12 pm to 2.30 pm BCC G-3

For more information:
Pr. P.M. Samuel (Sam Koodal) 050 5419678/ 056 2244464
Br. Moncy Varghese (Sec.) 050 8358063/ Br. Jenson Mathew (Trea) 050 8087880

THE 7 PILLARS OF MCG
1. WORSHIP
Celebrate God's Presence
Pslm: 20:5, Rom: 12:1
2. WORD
Declares God's Plan
2 Tim: 3:16,17
3. PRAYER
Relationship with God
Phil: 4:6
4. EVANGELISM
Communicate God's Love
Acts: 1.8, 20:24
5. FELLOWSHIP
Incorporate God's Family
Eph: 2:19- 22
6. DISCIPLESHIP
Educate God's people
Eph: 3:17- 19
7. MINISTRY
Demonstrate God's care
Eph: 4:12,13

A Chosen People for to Worship
MIZPA CHURCH OF GOD
BRETHREN CHURCH CENTER, MUSSAFAH, ABUDHABI

താങ്കൾ ഒരു അനുഗ്രഹീത കൂട്ടായ്മ ആഗ്രഹിക്കുന്നുവോ ?
താങ്കൾ സുവിശേഷീകരണ തല്പരനാണോ?
താങ്കൾ വചനത്തിൽ വളരുവാൻ ആഗ്രഹിക്കുന്നുവോ?
താങ്കൾ സത്യാരാധന ഇഷ്ട്ടപെടുന്നുവോ?
വരിക ! നമ്മുക്കൊരുമിച്ചു ക്രിസ്തുവിന്റെ സാക്ഷികളാകാം ...!

OUR TIMING FOR FELLOWSHIP
WORSHIP: Friday: 7:30 AM - 9.30 AM ( G4, BCC, Mussafah )
COTTAGE MEETING: Thursday : 8:00 PM - 9.30 PM
FASTING PRAYER: Every Tuesday
YPE: Every Third Friday of the month 8.30am - 9.30am
For More Details: Pr. Jenson Joseph : 05 272 23393

# മാതൃക്ഷീരം വിലയ്ക്കുവാങ്ങിയ വിമോചകൻ



സജി നെടുങ്കണ്ടം

പാപലോകത്തിന്റെ നിലവിളി പെന്തെക്കോസ്തുകാർ കേട്ടില്ല എന്നു നടിക്കരുത്. ചുറ്റുപാടുമുള്ള വീടുകളിൽ ഉറക്കമില്ലാത്ത രാത്രിയെ സമ്മാനിച്ചുകൊണ്ട് തുറന്നുവച്ച വിഷക്കുപ്പി പകർന്നു വച്ച് പാകത്തിനു കുടിക്കാൻ സാത്താൻ നിർബന്ധിക്കുമ്പോൾ അരുതെന്നു പറയാനും അകറ്റിനിർത്താനും വെളിപ്പാട് കിട്ടുന്ന ഒരേ ഒരു കൂട്ടർ അത് കൃപയിൽ നിലനിന്നു പ്രാർത്ഥിക്കുന്ന ദൈവവിശ്വാസികളാണ്.

ഉത്തരവാദിത്വങ്ങളിൽ നിന്നും പെന്തെക്കോസ്തുകാർ പിൻതിരിഞ്ഞാൽ ലോകചരിത്രത്തിൽ കേട്ടിട്ടില്ലാത്ത അനർത്ഥങ്ങൾ കൺമുമ്പിൽ കാണേണ്ടിവരും. ദൈവസഭ ലോകത്തിനു മുമ്പിൽ ഇന്ന് ഉപ്പാണ്, വെളിച്ചമാണ്. ഇരുൾമൂടിയ ലോകത്തിനു തിരിനാളം നൽകേണ്ടത് ദൈവസഭയാണ്. മുറിവേറ്റ് അഴുകി പുഴുവരിക്കുന്ന ലോകത്തിനു സൗഖ്യം നൽകി ഉണക്കുന്ന ഉപ്പാണ് വിശുദ്ധന്മാർ. എന്നാൽ ലവണരസം നഷ്ടമാക്കിയ ആധുനിക സഭാജനങ്ങളെ വഴിയരികിൽ ചവിട്ടിമെതിക്കുന്ന തരത്തിലേക്ക് നാം തരംതാണുപോയില്ലേ എന്നു തിരിഞ്ഞുചിന്തിക്കുക.

ദൗത്യം മറന്ന ഒരു പടയാളിയെപ്പോലെ ഭയന്നു പിൻതിരിയാനല്ല പെന്തെക്കോസ്തുകാരനെ ദൃശ്യലോകത്തു നിർത്തിയിരിക്കുന്നത്. തിരിച്ചറിവു പ്രാപിച്ചവൻ തിടുക്കത്തിൽ ദൈവപ്രവൃത്തിക്കായി ഉണരുക. ലോകത്തിന്റെ ഭാവി ഭയാനകം. സാത്താന്യശക്തി ഉറഞ്ഞുതുള്ളി കലിതീർക്കുന്ന കാഴ്ച പട്ടണങ്ങളിലും ഗ്രാമങ്ങളിലും സർവ്വസാധാരണം. മനഃസാക്ഷി മരവിച്ച ആധുനികലോകം – അറിവിന്റെ നിറകുടങ്ങളായി സ്വന്തം കഴിവിൽ അഹങ്കരിക്കുന്ന പുത്തൻ തലമുറ പകൽപോലെ വെളിച്ചത്തിലും പരസ്യമായി പാപത്തിൽ ഏർപ്പെടുന്നു.

പഴയ അനീതികൾ ഇന്ന് പാപത്തിന്റെ പട്ടികയിൽ ഇല്ല. അവയെല്ലാം നീതിവത്കരിച്ച് പുറകോട്ടു മാറ്റിക്കളഞ്ഞു. വിദ്യാസമ്പന്നരും നാലാളു കൂടുന്നിടത്ത് വിവരം ഉണ്ടായിരുന്നവരും ഇന്ന് അനീതിയുടെ അതിരും വരമ്പും ഭേദിച്ച് മുന്നേറുകയാണ്. പകൽപോലെ വെളിച്ചത്തിൽ പാതയോരത്തു നിന്ന് പരസ്യമായി പാപം ചെയ്യുന്നത് ഇന്നൊരു ഫാഷനായി മാറിയിരിക്കുന്നു.

ഉത്തരവാദിത്വം മറന്ന് ഉഴപ്പി അലയുന്ന പെന്തെക്കോസ്തു വിശ്വാസികൾ നെഹെമ്യാവിനെപ്പോലെ കാലഘട്ടത്തെ വിവേചിച്ച് പ്രാർത്ഥിക്കാൻ തയ്യാറാകണം. ഉന്നതജോലി, ഉയർന്ന ശമ്പളം, രാജകീയ ഭക്ഷണം, രാപ്പകൽ രാജകൊട്ടാരത്തിൽ; എന്നാൽ പ്രവാസത്തിൽ നിന്നും തെറ്റി ഒഴിഞ്ഞവരിൽ നിന്നും യെരുശലേമിനെക്കുറിച്ചുള്ള വാർത്ത നെഹെമ്യാവിന്റെ കാതുകളിലും എത്തി. പ്രസന്നവദനനായി രാജകീയ പാനീയം പകരേണ്ടവന്റെ ഭാവമാറ്റം തിരുമനസ്സിനെ തെല്ലൊന്ന് അലട്ടി. ഇതിനു മുമ്പ് നിന്നെ ഇതുപോലെ കണ്ടിട്ടില്ലല്ലോ? വിരിച്ചൊരുക്കിയ പട്ടുമെത്തയും പരവതാനിയും ഉണ്ടായിരുന്നിട്ടും തന്റെ കാലഘട്ടത്തിലെ ആത്മീയ അപചയം തിരിച്ചറിഞ്ഞ നെഹെമ്യാവ് പ്രാർത്ഥനയ്ക്കു തയ്യാറായി. രാജാവിന്റെ ഹൃദയം നീർത്തോടു പോലെ തിരിക്കാൻ ആ കണ്ണീരിനു കഴിഞ്ഞു. ഇടിഞ്ഞുകിടന്ന യെരുശലേമിന്റെ മതിലുകൾ അവന്റെ നേതൃത്വത്തിൽ പണിപൂർത്തീകരിക്കുന്നു. ആധുനിക പെന്തെക്കോസ്തുകാരോട് ആത്മാവിന്റെ ഇടപെടൽ ആയിരിക്കട്ടെ. ശമ്പളം ഉണ്ടായേക്കാം, ശയനഗൃഹം വർണ്ണാഭമായിരിക്കാം; തലയുയർത്തി ഇന്നത്തെ ആത്മീയതയുടെ പരാജയങ്ങൾ മനസ്സിലാക്കി, തസ്തിക ഏതുമാകട്ടെ താണിരുന്ന് പ്രാർത്ഥിക്കുന്ന ഒരു തലമുറ ഈ നാളിൽ ഉണർന്നുവരട്ടെ. യോനയെപ്പോലെ ദൗത്യം മറന്ന് കപ്പലിന്റെ അടിത്തട്ടിൽ ഉറങ്ങാനാണ് ഭാവമെങ്കിൽ കടൽ ഇളക്കി, കപ്പൽ തകർത്ത്, കടലാനയുടെ വയറ്റിൽ കയറ്റി പ്രാർത്ഥിപ്പിക്കാൻ ദൈവം തയ്യാറാകും.

നാനൂറ് സംവത്സരത്തിലെ മിസ്രയീമ്യവാസം യിസ്രായേലിന്റെ ചരിത്രത്തിലെ കനൽവഴിയുടെ കാല്പ്പാടുകളായിരുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകളുമായി അടിമനുകത്തിനു കീഴിൽ പേശിബലം കുറഞ്ഞ്, ത്വക്ക് ചുളുങ്ങിയ പിതാക്കന്മാർക്കുപോലും ഇഷ്ടികച്ചൂളയിലെ കഠിനവേല മരണത്തിലേക്കു തള്ളിവിട്ടു.നിലവിളിയുടെ ശബ്ദം നിലയ്ക്കാതെ ഉയർന്നത് മിസ്രയീമിലെ മേഘം കടന്ന് മഹോന്നതങ്ങളിൽ എത്തി. നിലവിളി ശബ്ദം നിലയ്ക്കാതെ ഉയർന്നത് സ്വർഗ്ഗോന്നതങ്ങളിൽ പ്രകമ്പനം കൊണ്ടു. ദൈവീക പ്രവൃത്തിയുടെ തക്കസമയത്ത് ഈജിപ്തിന്റെ മണ്ണിൽ യിസ്രായേലിന്റെ വിമോചകൻ ഭൂജാതനായി.

മോശെയുടെ ജനനം മിസ്രയീമിൽ ഒരു മോശം കാലാവസ്ഥയിലായിരുന്നു എന്നതിനു തർക്കമില്ല. ആ കാലത്തു ജനിച്ച കുഞ്ഞുങ്ങളെ എല്ലാം നൈൽനദിയിൽ വലിച്ചെറിയാൻ രാജകല്പന പുറപ്പെട്ടു. പുറംലോകം അറിയാതെ ആ കുഞ്ഞിനെ മൂന്നുമാസം ഒളിപ്പിച്ചു. അടിമനുകത്തിന്റെ അടിവേര് അറുക്കേണ്ടവന് അധികകാലം മറഞ്ഞിരിക്കാൻ കഴിഞ്ഞില്ല. മരണവിധി നടപ്പിൽ വരുത്താൻ മോശെ എന്ന കുഞ്ഞിനെ നൈൽനദിയിൽ ഉപേക്ഷിക്കേണ്ട ഘട്ടം എത്തി. മാതാപിതാക്കൾ രാജകല്പനയ്ക്കു മുമ്പിൽ ഭീതിയോടെ പിന്മാറി. പിൻമാറാൻ മടികാണിച്ച സഹോദരി മിര്യാം അമ്മയുടെ മടിയിൽ നിന്നും ആ കുഞ്ഞിനെ കോരിയെടുത്ത് മാറിൽ പുണർന്നു. ഞാങ്ങണ പുല്ലിന്റെ പെട്ടകത്തിൽ കുഞ്ഞിനെ കിടത്തി. നൈൽനദിയുടെ ഓളങ്ങൾ താരാട്ട് പാടിക്കൊണ്ട് അവനെ താഴേക്ക് ഒഴുക്കി. രാജാവിന്റെ മകൾ തോഴിമാരോടുകൂടെ നീരാടാൻ ഇറങ്ങി. ഒഴുകിയെത്തിയ പെട്ടകത്തിലെ അരുമയായ കുഞ്ഞിനെ അവൾ വാരിയെടുത്തു. അവനെ വളർത്തുവാൻ തീരുമാനിച്ച അവൾ അമ്മപ്പാലിനായി ആളെത്തിരഞ്ഞു. തൽക്ഷണം ഉണ്ടായ മിര്യാമിന്റെ ഇടപെടൽ യിസ്രായേലിന്റെ വിമോചകൻ മിസ്രയീമ്യ സ്ത്രീയുടെ പാൽ നുണയാൻ അനുവദിച്ചില്ല. സ്വന്തം അമ്മയുടെ പാൽ കുടിച്ചുവളരാൻ മോശെയ്ക്കു വീണ്ടും അവസരമുണ്ടായി. സ്വന്തം കുഞ്ഞിനു പാൽ കൊടുക്കാൻ ശമ്പളം പറ്റിയ ഏകസ്ത്രീ മോശെയുടെ അമ്മയാണ്. അടിമനുകത്തിനു കീഴിൽ വീർപ്പുമുട്ടിക്കഴിയുന്ന ആ മാതാവ് വിമോചകന്റെ വായിൽ ചുരത്തിയ പാലിന്റെ മധുരം അകലെയല്ലാതെ ലഭിക്കാൻ പോകുന്ന സ്വാതന്ത്ര്യത്തിന്റെ ജീവശ്വാസം ആയിരുന്നു. കൊട്ടാരത്തിലെ നാൽപതു വർഷം കൊണ്ടു മോശെ നേടിയ വിദ്യകൾ അവനെ ഒരു കൊലപാതകനാക്കി മരുഭൂമിയിലേക്ക് ഓടിച്ചു. മരുഭൂമിയിലെ നാല്പതു വർഷം ഇടയനായി അലഞ്ഞവൻ ഒടുവിൽ സീനായിമലയുടെ അടിവാരത്തിലെത്തി. ഒടുക്കം യിസ്രായേലിന്റെ വിമോചകൻ അവിടെ നിന്നും അധികാരത്തിന്റെ വടിയുമായി കൊട്ടാരത്തിലേക്കു മടങ്ങി.



# പ്രൊമോഷൻ

ജീവിതത്തിൽ പ്രൊമോഷൻ ആഗ്രഹിക്കാത്തവരായി ആരുംതന്നെ കാണുകയില്ല. ഇപ്പോൾ ആയിരിക്കുന്ന സ്ഥാനത്തു നിന്നും ഒരു പടി കയറ്റം, ഉയർച്ച, ഇതെല്ലാമാണ് പ്രൊമോഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. നമുക്കു സ്ഥാനക്കയറ്റം ലഭിച്ചാൽ അതിന്റെ പ്രതിഫലനം ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകും. എന്നാൽ അതിനു പിന്നിൽ ചില ഉദ്ദേശ്യങ്ങൾ ഉണ്ടെന്ന കാര്യം പലപ്പോഴും നാം ഓർക്കാറില്ല.



കെ. പി. പ്രസാദ് കോട്ടയം

ദൈവത്തിന്റെ ശ്രേഷ്ഠ പ്രവാചകനായ ഏലിയാവിന്റെ ജീവിതം പഠിക്കുമ്പോൾ, താൻ കെരീത്തു തോട്ടിൽ ദൈവത്തിന്റെ അടുത്ത ആലോചനയ്ക്കായി കാത്തിരിക്കുമ്പോൾ തനിക്കാവശ്യമായ ഭക്ഷണം നൽകാൻ ദൈവം കാക്കയെ കല്പിച്ചാക്കി, കുടിക്കാൻ തോട്ടിലെ വെള്ളവും നൽകി. അവിടെ ഏലിയാവ് യാതൊരു പരിഭവവും കൂടാതെ ഒരു കാക്ക കൊണ്ടുവരുന്ന ഭക്ഷണവും കഴിച്ച് ഉപജീവനം നടത്തി. ദൈവത്തിന്റെ അടുത്ത അരുളപ്പാട്, കെരീത്തിൽ നിന്നും എഴുന്നേറ്റ് സാരഫാത്തിലെ വിധവയുടെ അടുക്കലേക്കു പോകുവാനായിരുന്നു. പട്ടണവാതിൽക്കൽ എത്തിയപ്പോൾ തന്നെ തനിക്കു പോകേണ്ട വീടിന്റെ അടയാളം കിട്ടി. അവിടെ താൻ അതുവരെ ആയിരുന്ന അവസ്ഥയിൽ നിന്നും ഒരു മാറ്റം ലഭിക്കുന്നു. അതുവരെ വെളിമ്പ്രദേശത്തു ഭക്ഷണം കഴിച്ചു കിടന്നുറങ്ങിയിരുന്ന ഏലിയാവിന് ഒരു ഭവനത്തിൽ കിടക്കാൻ, മനുഷ്യർ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കാനുള്ള അവസരം ലഭിച്ചു. ഇതിത്ര വലിയകാര്യമാണോ എന്നു നമുക്കു തോന്നിയേക്കാം. എന്നാൽ ഈ പ്രൊമോഷനു പിന്നിൽ ദൈവത്തിനു വലിയൊരു ഉദ്ദേശ്യം ഉണ്ടായിരുന്നു.

സകലത്തെയും നിയന്ത്രിക്കുന്ന ദൈവത്തിന് കെരീത്തിലെ വെള്ളം വറ്റാതെ, ദേശത്തെ ക്ഷാമം തീരുന്നതു വരെ കാക്കയെക്കൊണ്ട് ആഹാരം നൽകി ഏലിയാവിനെ പോറ്റുവാൻ കഴിയുമായിരുന്നു. എന്നാൽ തന്റെ സ്ഥിതിക്കു മാറ്റം വരുത്തി മറ്റൊരു സ്ഥലത്തേക്കു ദൈവം അയച്ചതിനു പിന്നിലുള്ള ദൈവോദ്ദേശം നാം തുടർന്ന് വചനത്തിൽ വായിക്കുമ്പോൾ വ്യക്തമാകുന്നു. ഏലിയാവ് അന്ന് വിധവയുടെ ഭവനത്തിൽ എത്തിയില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ ആ കുടുംബം ജീവൻ അവസാനിപ്പിച്ചേക്കാം. ദൈവത്തിന് ആ കുടുംബത്തെ രക്ഷിക്കുവാൻ പദ്ധതി ഉണ്ടായിരുന്നതു കൊണ്ടാണ് ഏലിയാവിനെ തക്കസമയത്ത് അവിടേക്ക് അയച്ചത്. ഏതവസ്ഥയിലും ദൈവത്തിന്റെ വാക്ക് പൂർണ്ണമായി അനുസരിക്കുന്ന ഏലിയാവിന്റെ ജീവിതത്തിൽ സംഭവിച്ച മാറ്റം മറ്റൊരു കുടുംബത്തിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടിയായിരുന്നു. ഏലിയാവ് പ്രത്യേകിച്ച് ഒന്നും ചെയ്തില്ല. ദൈവം പറഞ്ഞതനുസരിച്ച് ആ കുടുംബത്തോടു കൂടെ താമസിക്കുക മാത്രമാണ് ചെയ്തത്.

പ്രിയരെ, ദൈവം നമ്മുടെ ജീവിതത്തിൽ ആത്മീയവും ഭൗതികവും ഔദ്യോഗികവുമായ മാറ്റങ്ങൾ വരുത്തുമ്പോൾ അതിനു പിന്നിൽ ദൈവം ഉദ്ദേശിക്കുന്നത് ആവശ്യത്തിൽ ഇരിക്കുന്ന ഏതെങ്കിലും വ്യക്തിയുടെ, കുടുംബത്തിന്റെ സഹായത്തിനു വേണ്ടിയായിരിക്കാം. നമുക്കു ലഭിച്ച മാറ്റങ്ങളിൽ സ്വയം മറന്നു ജീവിക്കാതെ ആവശ്യങ്ങളിൽ ഇരിക്കുന്നവർക്ക് കൈത്താങ്ങ് കൊടുക്കുവാൻ നമ്മുടെ ചുറ്റുപാടും ഒന്നു കണ്ണോടിച്ചു നോക്കാം. ചിലപ്പോൾ നമ്മുടെ സാമിപ്യം ആയിരിക്കാം ഒരാൾക്ക് ആശ്വാസം പകരുന്നത്. ഒരു ദൈവപൈതലിന്റെ എല്ലാ ഉയർച്ചകളും ദൈവത്താൽ സംഭവിക്കുന്നതാണ്. അങ്ങനെയെങ്കിൽ അതിനു പിന്നിൽ ദൈവത്തിനും ചില ഉദ്ദേശ്യങ്ങൾ ഉണ്ടെന്നു മറക്കരുത്. അതുകൊണ്ട് കഷ്ടത്തിൽ ഇരിക്കുന്നവരെ തിരിച്ചറിഞ്ഞ് അവരുടെ സഹായത്തിനായി നമുക്കു കരം കോർക്കാം. എവിടെ ഒരുമ ഉണ്ടോ അവിടെ വിജയമുണ്ട്. APCCON ഒരു മനസ്സോടെ ഈ ദേശത്തു മുന്നേറട്ടെ. യേശുക്രിസ്തു വരുന്നു. മാറാനാഥാ.

# മടുത്തുപോയോ?...

**ക്ഷീണിപ്പിക്കുന്നതും മടുപ്പുളവാക്കുന്നതും നിരാശപ്പെടുത്തുന്നവയുമായിരിക്കും മിക്കപ്പോഴും ലോകത്തിന്റെ പ്രതികരണം. തളർന്നു പോകരുത്. യേശു സഹിച്ച വിരോധങ്ങളെ ധ്യാനിക്കുക.**

മറിച്ച് പറഞ്ഞാൽ, കർത്താവ് നേരിട്ട വിരോധങ്ങൾ ധ്യാനിച്ചാൽ നമ്മുടെ ക്ഷീണവും മടുപ്പും മാറിക്കിട്ടും. യേശു സഹിച്ച പ്രസക്തമായ മൂന്നു വിരോധങ്ങളിലേക്കു ശ്രദ്ധ തിരിക്കാം.

**1. സ്വന്തക്കാരുടെ തിരസ്കരണം (യോഹ.1:11).**

നമ്മിൽ നിന്നും അകലെ നിൽക്കുന്നവർ തള്ളിപ്പറഞ്ഞാൽ അത് ഏറെക്കുറെ അലോസരപ്പെടുത്താറില്ല. എന്നാൽ ബന്ധുക്കളുടെ, കുടുംബാംഗങ്ങളുടെ, സഹപ്രവർത്തകരുടെ, കൂട്ടുവിശ്വാസികളുടെ പ്രവർത്തനങ്ങൾ ശത്രുതാമനോഭാവത്തോടെ ആയാൽ അത് ഏറെ വേദനിപ്പിക്കും. അത്തരം സാഹചര്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ യേശുവിനെ സ്വന്തക്കാർ തിരസ്കരിച്ചത് ഓർമ്മിക്കുമെങ്കിൽ സൂര്യതാപമേറ്റ മഞ്ഞുകണങ്ങൾ പോലെ ക്ഷീണവും മടുപ്പുമെല്ലാം അലിഞ്ഞ് ഇല്ലാതെയാകും.

കർത്താവിന്റെ ഏറ്റവും അടുത്ത ആളാണ് പൗലൊസ് എന്നാണ് വയ്പ്പ്. സകലത്തിനും മുൻപന്തിയിലായിരുന്നു. വെള്ളത്തിൽ താണു പോയപ്പോൾ പിടിച്ചുയർത്തിയ കരത്തിനുടമയെ മൂന്നു തവണ തള്ളിപ്പറയുന്നത് മത്തായി 26:69-75 വാക്യങ്ങളിൽ കാണാം. മൂന്നാമതായി ശപിക്കുകയും ആണയിടുകയും ചെയ്യുന്ന പത്രൊസിന്റെ ശബ്ദം കേൾക്കുന്ന യേശുവിന്റെ ഹൃദയവേദന എത്ര വലുതായിരിക്കും. ഒരു തകർച്ച വരുമ്പോൾ ഏറ്റവും അടുത്തവർ പോലും തള്ളിക്കളയുന്നതാണ് ലോകഗതി. പണം ലഭിച്ച അന്നുമുതൽ യൂദാ 'തക്കം അന്വേഷിച്ചു നടന്നു' എന്നു മത്തായി 26:16 പറയുന്നു. പണം കാണുമ്പോൾ ബന്ധങ്ങളൊക്കെ വേഗം വിസ്മരിക്കുന്ന കാഴ്ചയാണ് എവിടെയും കാണുന്നത്. "റബ്ബീ വന്ദനം" എന്നു പറഞ്ഞ് സ്നേഹഭാവത്തിൽ ഒറ്റുമ്പോൾ കർത്താവിന്റെ മനുഷ്യത്വത്തിലെ മാനസികാവസ്ഥ എന്തായിരിക്കും. സ്വന്തക്കാരാൽ തിരസ്കരിക്കപ്പെടുന്ന അനുഭവം യേശുവിനെ ധ്യാനിക്കുവാനുള്ള അവസരമായി മാറട്ടെ.

**2. നിസ്സാരനാക്കി അപമാനിക്കൽ. ലൂക്കൊ.23:11**

തന്റെ പദവിയും സന്ദർഭത്തിന്റെ ഗൗരവവും മറന്ന് ഹെരോദാവ് ഒരു അത്ഭുതം കാണുവാൻ കാത്തിരിക്കുകയാണ്. യേശു അതിന് തയ്യാറാകാതിരുന്നപ്പോൾ നിസ്സാരനാക്കുവാനും അപമാനിക്കുവാനും ആരംഭിച്ചു. പലരുടെയും വിരോധം ആരംഭിക്കുന്നത് അവരുടെ താല്പര്യം സാധിക്കാതെ വരുമ്പോഴാണ്.

യേശുവിനെ അടിച്ചയാളിന്റെ പേര് പ്രവചിക്കുവാൻ പടയാളികൾ ആവശ്യപ്പെടുന്നു. ഒരു വ്യക്തിയിലുള്ള കൃപയെയും താലന്തിനെയും ചോദ്യം ചെയ്യുന്നതിനു തുല്യമാണിത്. രണ്ടു കള്ളന്മാരുടെ മദ്ധ്യേ യേശുവിനെ ക്രൂശിച്ചു. മൂവരും ഒരുപോലെയുള്ളവരാണെന്ന് കാഴ്ചക്കാർക്കു തോന്നുവാനായിരുന്നു അങ്ങനെ ചെയ്തത്.

ആത്മീയമണ്ഡലത്തിലും ഇതൊക്കെ സർവ്വസാധാരണമായി കാണുന്നു. ഒരാളെ തരംതാഴ്ത്തുവാൻ ലഭിക്കുന്ന സന്ദർഭങ്ങളൊക്കെ ശരിക്കും ഉപയോഗിക്കുന്നു ചിലർ. അൽപ്പം കഴിവും കാര്യപ്രാപ്തിയും ഒരാൾ പ്രകടിപ്പിച്ചാൽ അദ്ദേഹത്തെ കുറ്റപ്പെടുത്തുവാനും അപമാനിക്കുവാനും നിരാശപ്പെടുത്തി പിന്നോട്ടു വലിക്കുവാനും സംഘടിത ശ്രമം തന്നെ കാണാം. അങ്ങനെയുള്ള പ്രതികരണങ്ങൾ നേരിടുന്നവർ ക്ഷീണിച്ചു മടുക്കാതിരിക്കുവാൻ ഈ വിരോധങ്ങളെല്ലാം സഹിച്ച യേശുവിനെ ധ്യാനിക്കുക.

**3.തെറ്റിദ്ധാരണകൾ. (യോഹ. 8:48)**

യേശുവിന്മേൽ ഭൂതം ഉണ്ടെന്ന് യെഹൂദന്മാർ തെറ്റിദ്ധരിച്ചു. കർത്താവ് പിതാവിനെക്കുറിച്ചു പറയുമ്പോഴൊക്കെ അവർ ഇതു കൂടുതലായി ശരിവച്ചു. ദൈവപിതാവിനെക്കുറിച്ചാണ് പറയുന്നതെന്ന് അവർക്ക് ഉൾക്കൊള്ളാനായില്ല.

ഓളങ്ങളാൽ വലഞ്ഞ് മുങ്ങാറായ പടകിനു നേരെ തിരകൾക്കു മുകളിലൂടെ രക്ഷകനായി നടന്നുവന്നപ്പോഴും ഭൂതം, ഭൂതം എന്നു പറഞ്ഞ് ശിഷ്യന്മാർപോലും നിലവിളിക്കുകയാണുണ്ടായത്. അനേക ബന്ധങ്ങളിലും വിള്ളലുകൾ വീഴ്ത്തുന്നത് തെറ്റിദ്ധാരണകളാണ്. നിജസ്ഥിതി അന്വേഷിച്ചു ബോധ്യപ്പെടുവാൻ ആരും തന്നെ ശ്രമിക്കാറില്ല. അകന്ന ശേഷം സത്യം ബോധ്യപ്പെട്ടാലും അടുക്കുവാൻ ദുരഭിമാനം അനുവദിക്കാറുമില്ല.

യോസേഫിനെക്കുറിച്ച് പൊത്തീഫറിനുണ്ടായ തെറ്റിദ്ധാരണ അദ്ദേഹത്തെ ജയിലറയ്ക്കുള്ളിലെത്തിച്ചു. തെറ്റിദ്ധാരണകളുടെ തടവറയ്ക്കുള്ളിൽ ഞരങ്ങുന്ന എത്രയോ ആയിരങ്ങളുണ്ട്. അവരെല്ലാം ഈ വിരോധങ്ങൾ സഹിച്ച യേശുവിനെ ധ്യാനിക്കുക. അവർ വീട്ടുടയവനെ ബെയെത്സെബൂൽ എന്നു വിളിച്ചെങ്കിൽ വീട്ടുകാരെ എത്രയധികം!

ക്ഷീണിപ്പിക്കുന്നതും മടുപ്പുളവാക്കുന്നതും നിരാശപ്പെടുത്തുന്നവയുമായിരിക്കുംമിക്കപ്പോഴും ലോകത്തിന്റെ പ്രതികരണം. തളർന്നു പോകരുത്. യേശു സഹിച്ച വിരോധങ്ങളെ ധ്യാനിക്കുക. എതിരെ പറയുന്നവർ പറയട്ടെ. എതിരെ പ്രവർത്തിക്കുന്നവർ പ്രവർത്തിക്കട്ടെ. അവരുടെ ദൗത്യം അതായിരിക്കാം. നമുക്ക് നമ്മുടെ ദൗത്യം നിറവേറ്റി ചാരിതാർത്ഥ്യത്തോടെ യേശുവിന്റെ മാർവ്വിലണയാം. അത് വേഗം സംഭവിക്കട്ടെ!

# ഐ.പി.സി. അബുദാബി സുവർണ ജൂബിലിക്കു തുടക്കമായി



*ഐ.പി.സി. അബുദാബി സുവർണ ജൂബിലി ഉദ്ഘാടനം പാസ്റ്റർ കെ.സി.ജോൺ നിർവഹിക്കുന്നു.*

**അബുദാബി** • യു.എ.ഇ.യിലെ പെന്തെക്കോസ്തു മുന്നേറ്റത്തിന് തുടക്കം കുറിച്ച ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ അബുദാബിയുടെ സുവർണ്ണ ജൂബിലിക്ക് ജൂൺ 16-ന് വൈകിട്ട് അബുദാബി സെന്റ് ആൻഡ്രൂസ് ചർച്ചിൽ നടന്ന സ്തോത്ര പ്രാർത്ഥനയോടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പാസ്റ്റർ അജു ജേക്കബ് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ സഭാ സെക്രട്ടറി ബ്രദർ വർഗീസ് ജേക്കബ് സ്വാഗതവും ജൂബിലി ജന.കൺവീനർ സാം സക്കറിയ ഈപ്പൻ നന്ദിയും പ്രകാശിപ്പിച്ചു. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി.ജോൺ ജൂബിലി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

അബുദാബിയിൽ 35 വർഷം പൂർത്തിയാക്കിയ സഭയിലെ മുൻകാല ശുശ്രൂഷകരെയും വിശ്വാസികളെയും കൂടാതെ സഭയുടെ മുൻശുശ്രൂഷകരായിരുന്നവരെയും മൊമെന്റോ നൽകി ആദരിച്ചു.

അമ്പത് വർഷം ശുശ്രൂഷാവേദിയിൽ നിറസാന്നിധ്യമായ ഐ.പി.സി. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി. ജോണിനെയും ഈ മീറ്റിംഗിൽ മൊമെന്റോ നൽകി ആദരിച്ചു.

# അസംബ്ലീസ് ഓഫ് ഗോഡ് യു.എ.ഇ. റീജിയൻ മലയാളം ഫെലോഷിപ്പ് സംയുക്ത ആരാധന അബുദാബിയിൽ നടന്നു

**ജോൺസി കടമ്മനിട്ട**



*എ.ജി. യു.എ.ഇ. റീജിയൺ സംയുക്ത ആരാധനയിൽ പാസ്റ്റർ പി.എസ്.ജോർജ്ജ് പ്രസംഗിക്കുന്നു*

**അബുദാബി** •അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഫെലോഷിപ്പ് യു.എ.ഇ. റീജിയൻ സംയുക്ത ആരാധന ജൂൺ 16-ന് രാവിലെ 10 മുതൽ 12:30 വരെ അബുദാബി മുസഫ സനയയിലുള്ള മലയാളി സമാജത്തിൽ നടന്നു. പാസ്റ്റർ പി.എസ്.ജോർജ് (ബാംഗ്ലൂർ) പ്രസംഗിച്ചു. പാസ്റ്റർ ഗിവിൻ തോമസ് ബെഥേൽ എ.ജി.അബുദാബി സങ്കീർത്തനത്തിൽ നിന്നും ശുശ്രൂഷിച്ചു.

പാസ്റ്റർ ഗീവർഗീസ് ജോൺ (റീജിയൻ പ്രസിഡന്റ്, ദുബായ്) തിരുവത്താഴ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. റോബിൻ ലാലച്ചൻ നേതൃത്വത്തിലുള്ള ബെഥേൽ എ.ജി ക്വയർ സംഗീത ശുശ്രൂഷക്ക് നേതൃത്വം നല്കി. ബ്രദർ ടോം നന്ദി പ്രകാശിപ്പിച്ചു. യു.എ.ഇ.യുടെ വിവിധ എമിറേറ്റുകളിലെ 11 സഭകളിൽ നിന്നും ദൈവദാസന്മാരും ദൈവമക്കളും ഈ ആത്മിക സമ്മേളനത്തിൽ പങ്കെടുത്തു.

# PCNAK 36-ാമത് കോൺഫ്രൻസ് സമാപിച്ചു

ബോസ്റ്റൺ • നോർത്ത് അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യൻ കമ്യുണിറ്റിയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് മഹാസമ്മേളനമായ പി.സി. എൻ.എ.കെ 36-ാമത് കോൺഫ്രൻസിന് അനുഗ്രഹീത സമാപ്തി. ജൂലൈ 5-ന് അമേരിക്കൻ സമയം വൈകിട്ട് 6-ന് പാസ്റ്റർ പി.വി.മാമ്മന്റെ സങ്കീർത്തനം വായനയോടെ ആരംഭിച്ച ആത്മീയ മഹാസമ്മേളനം നാഷണൽ കൺവീനർ റവ. ബഥേൽ ജോൺസൺ ഉത്ഘാടനം ചെയ്തു. അമേരിക്കയിലെ മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ ഏറ്റവും വലിയ സുവിശേഷ സമ്മേളനമാണ് പി.സി.എൻ.എ.കെ. ജൂലൈ 8 ഞായറാഴ്ച തിരുവത്താഴ ശുശ്രൂഷയോടുകൂടി സമ്മേളനം സമാപിച്ചു. ഡോ. ബ്ലെസൻ മേമനയുടെ നേതൃത്വത്തിലുള്ള നാഷണൽ മ്യൂസിക് ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ''അങ്ങയുടെ രാജ്യം വരേണമേ'' എന്നുള്ളതായിരുന്നു കോൺഫ്രൻസിന്റെ ഈ വർഷത്തെ ചിന്താവിഷയം. അസമാധാനം നിറഞ്ഞ ഈ ലോകത്ത് ദൈവരാജ്യത്തിന്റെ സന്തോഷ പരിപൂർണ്ണതയും, നീതിയും സമാധാനവും നിറഞ്ഞ ഒരു സ്വർഗ്ഗീയ അനുഭവം ഓരോ ഹൃദയങ്ങളിലും പകരപ്പെടണം എന്നുള്ള ചിന്തയോടെ കൂടിയാണ് ചിന്താവിഷയം തിരഞ്ഞെടുത്തത്. അനുഗ്രഹിക്കപ്പെട്ട കർത്തൃദാസന്മാർ വിവിധ മീറ്റിംഗുകളിൽ തിരുവചനം ശുശ്രൂഷിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറുകണക്കിനാളുകൾ ഈ കോൺഫ്രൻസിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചതായി നാഷണൽ കൺവീനർ വെസ്‌ലി മാത്യു അപ്കോൺ വോയ്സിനെ അറിയിച്ചു.

## അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി. ജോണിന്റെ ഭാര്യാ പിതാവ് നിത്യതയിൽ



അപ്കോൺ പ്രസിഡന്റ് പാസ്റ്റർ ബെന്നി പി.ജോണിന്റെ ഭാര്യാ പിതാവ് പാസ്റ്റർ. കെ.എം. തോമസ് (83) (ബെഥേൽ ചർച് ഓഫ് ഗോഡ് മണർകാട് കോട്ടയം) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ജൂലൈ 11 ബുധനാഴ്ച വൻജനാവലിയുടെ സാന്നിദ്ധ്യത്തിൽ നടന്നു. ദുഃഖത്തിൽ ആയിരിക്കുന്ന പ്രിയപ്പെട്ടവരെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുക. അപ്കോൺ ചർച്ചസിന്റെയും അപ്കോൺ വോയ്സിന്റെയും ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.



അപ്കോൺ വോയിസ് വാട്സ്ആപ്പ് ഗ്രൂപ്പ് ബൈബിൾ ക്വിസ് വിജയിയെ അപ്കോൺ എക്സിക്യൂട്ടീവ് തിരഞ്ഞെടുക്കുന്നു.




UAE VISA
30 DAYS
330/- AED
90 DAYS
800/- AED
UAE's Innovative Tourism Service Provider
Whatever we will assure, we will do it!
International VISA ASSISTANCE
THINK Travel NAJM
AROUND
85
COUNTRIES
Starting From
150 AED
Call us: +971 6 521 21 20 | +971 6 521 36 76
Mr. Ginu Mathew
0555 252 251 | 056 25 25 221
ginu@najmtours.com | ginuektr@gmail.com
www.najmtours.com
P.O Box:96727 Near Mubarak center Sharjah | UAE
NAJM TOURS